കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാവറട്ടി ഗ്രാമപഞ്ചായത്ത്
# 2017-18
## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ /പി.5/356/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി.13/06/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പാവറട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-12, 3-13, 3-14 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.പി.5 /356/2019, തിയ്യതി : 13/06/19

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2017 മുതൽ 11/02/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-02-2019 മുതൽ 17-02-2019 വരെ<br>20-02-2019 മുതൽ 21-02-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസിദാസ്.വി.ജി. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ലിഷ.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | ജോമോൻ.ഇ.കെ. | അസി.ഓഡിറ്റ് ഓഫീസർ |
| | സുമ.വി.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| ശ്രീ.കാദർമോൻ.എൻ.പി. | പ്രസിഡണ്ട് | 1.04.2017മുതൽ 3.10.2017 വരെ |
| ശ്രീമതി.മിനി ലിയോ | പ്രസിഡണ്ട്-ഇൻ-ചാർജ്ജ് | 04.10.2017മുതൽ 29.11.2017വരെ |
| ശ്രീ.അബൂബക്കർ.എം.കെ | പ്രസിഡണ്ട് | 30.11.2017മുതൽ 31.03.2018വരെ |
| ശ്രീ. സലാഹുദ്ദീൻ.പി.പി. | സെക്രട്ടറി ഇൻ ചാർജ്ജ് | 1.04.2017മുതൽ 14.06.2017 വരെ |
| ശ്രീ.രവികുമാർ.എൻ | സെക്രട്ടറി | 15.06.2017മുതൽ 30.08.2017 വരെ |
| ശ്രീ.ഒ.എം.ഫ്രാൻസീസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 31.08.2017മുതൽ 06.09.2017 വരെ |
| ശ്രീ.രവികുമാർ.എൻ | സെക്രട്ടറി | 07.09.2017മുതൽ 14.11.2017FN വരെ |
| ശ്രീ.ഒ.എം.ഫ്രാൻസീസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 14.11.2017ANമുതൽ 26.11.2017 വരെ |
| ശ്രീമതി.സുചിത്രാദേവി.എം. | സെക്രട്ടറി | 27.11.2017മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ബാബു.കെ.പോൾ | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.കെ. | 01-04-2017 മുതൽ 31-07-2017 വരെ |
| | ശ്രീമതി.റിയ ജോസഫ് | 01-08-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. രാഗേഷ്.പി.ഡി. | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ഷീല വാസു | 01-04-2017 മുതൽ 31-08-2017 വരെ |
| | ഡോ.ദീപ സാമുവൽ | 01-09-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ | ഡോ. ഉമ.കെ.ശങ്കർ | 01-04-2017 |

| | | |
|---|---|---|
| ഓഫീസർ ആയുർവ്വേദം | | മുതൽ 19-07-2017 വരെ |
| | ഡോ.കെ.എസ്.അജിത് | 20-07-2017 മുതൽ 31-08-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രേമ.പി.വി. | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീമതി. സ്റ്റെല്ല.വി.ഡി. | 01-06-2017 മുതൽ 24-11-2017വരെ |
| | ശ്രീമതി. സുനിത.കെ. | 25-11-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.സലാഹുദ്ദീൻ.പി.പി. | 01-04-2017 മുതൽ 19-06-2017 വരെ |
| | ശ്രീ.പീതാംബരൻ.ഐ.പി. | 20-06-2017 മുതൽ 07-08-2017 വരെ |
| | ഒഴിവ് | 08-08-2017 മുതൽ 09-08-2017 വരെ |
| | ശ്രീ.ഒ.എം.ഫ്രാൻസീസ് | 10-08-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (വെണ്മേനാട് സർക്കിൾ) | ശ്രീ. അജിത് രാജ് കുമാർ | 01-04-2017 മുതൽ 04-07-2017 വരെ |
| | ശ്രീ.ലിന്റോ.ഇ.എൽ. | 05-07-2017 മുതൽ 31-03-2018 |

| | | |
|---|---|---|
| | | വരെ |
| വി.ഇ.ഒ. (പാവറട്ടി സർക്കിൾ) | ശ്രീമതി. സ്മിത.എം.എ. | 01-04-2017 മുതൽ 29-06-2017 വരെ |
| | ഒഴിവ് | 30-06-2017 മുതൽ 09-07-2017 വരെ |
| | ശ്രീമതി.അഞ്ജന.വി. | 10-07-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ശ്രീമതി.അന്നമ്മ.സി.എൽ. | 01-04-2017 മുതൽ 31-03-2018വരെ |
| ഡയറിഫാംഇൻസ്ട്രക്ടർ | ശ്രീമതി. ജിഷ.കെ.ജി. | 01-04-2017 മുതൽ 30.06-2017 വരെ |
| | ശ്രീമതി.ആമിന.പി.ബി. | 01-07-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം-2 | |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-1 |
| 14 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-2 |
| 15 | തൊഴിൽനികുതി ഈടാക്കുന്നില്ല | 2-3 |
| 16 | ലൈബ്രറി പ്രവർത്തിക്കുന്നില്ല | 2-4 |
| 17 | തൊഴിൽനികുതിരജിസ്റ്റർഅപൂർണ്ണം,സ്റ്റേറ്റ്മെന്റുകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല | 2-5 |
| 18 | ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല,സ്ഥാപന തൊഴിൽനികുതി അടവാക്കിയില്ല. | 2-6 |
| | ഭാഗം-3 | |
| 19 | മരുന്ന് വാങ്ങൽ പദ്ധതിനടപ്പിലാക്കുന്നതിൽ വീഴ്ച | 3-1 |
| 20 | വാഹന പരിപാലനം അപാകതകൾ | 3-2 |
| 21 | അസിസ്റ്റൻറ് സെക്രട്ടറിനിർവഹണോദ്യോഗസ്ഥനായപദ്ധതികളിലെഅപാകതകൾ | 3-3 |
| 22 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ | 3-4 |
| 23 | തെരുവ് വിളക്കുകളുടെ AMC – അപാകതകൾ | 3-5 |
| 24 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-6 |
| 25 | റിക്കവറി നടത്തിയ 89113/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമല്ല | 3-7 |
| 26 | ധന വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല – 946722/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| 27 | വൃദ്ധർക്ക്കട്ടിൽ60വയസ്സ്പൂർത്തീകരിക്കാത്തവർക്കുംആനുകൂല്യം നല്കി-12792/-രൂപയുടെചെലവ്ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു | 3-9 |
| 28 | പി.എച്ച്.സി. കുടിവെള്ള പദ്ധതി - എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ് | 3-10 |
| 29 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-11 |
| 30 | വാർഷിക ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുന്നില്ല. | 3-12 |
| 31 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-13 |
| 32 | മുച്ചക്ര വാഹനം നൽകൽ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-14 |
| 33 | പൊതുടാപ്പ് - സംയുക്ത പരിശോധന നടത്തുന്നില്ല. | 3-15 |
| | ഭാഗം-4 | |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20-02-2018 ലെ 1(3)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവ് – 14,98,85,000/-

പ്രതീക്ഷിത ചെലവ് –14,42,45,000/-

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 08-05-2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 15-06--2018 മുതൽ 16-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(66) തീയതി 11-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13666253 |
| വരവ് | 51096699 |
| ആകെ | 64762952 |
| ചെലവ് | 49523899 |
| നീക്കിയിരിപ്പ് | 15239053 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികനസ ഫണ്ട് ജനറൽ (ACR പ്രകാരം) | | 0 | 9983000 | 9983000 | 8697867 | 1285133 |
| വികനസ ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 5861419 | 5861419 | 5285743 | 575676 |
| വികനസ ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 0 | 143942 | 143942 | 0 | 143942 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7195399 | 7195399 | 6876207 | 319192 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2686690 | 2686690 | 1982544 | 704146 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4647529 | 4647529 | 3358029 | 1289500 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)- State Central | | 0 | 606676 | 606676 | 390064 | 216612 |
| | | 0 | 654524 | 654524 | 523564 | 130960 |
| മറ്റ് ഫണ്ടുകൾ | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി /ലാപ്സായ തുക |
| സാക്ഷരത | | 2162 | 22393 | 24555 | 23281 | 1274 |
| ദുരിതാശ്വാസനിധി | | 2270 | 87 | 2357 | 0 | 2357 |
| * എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി( Revenue and capital expenditure) | 0 | 5584772 | 5584772 | 5584772 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1.14 | 536705 | 536706.14 | 536190 | 516.14 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-(ഐ.സി.ഡി.എസ്) | | 406428 | 394276 | 800704 | 344446 | 456258 |
| ടി.എസ്.സി. | | 0 | 103795 | 103795 | 0 | 103795 |
| പൈക ഫണ്ട് | | 12000 | 0 | 12000 | 0 | 12000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) : കേരളോത്സവം | | 0 | 35000 | 35000 | 30000 | 5000 |
| വിമുക്തി | | 25000 | 12500 | 37500 | 0 | 37500 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 1000 | 281000 | 282000 | 282000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1200000 | 1200000 | 1200000 | 0 |
| ബി ഫണ്ട് : തൊഴിൽ രഹിത വേതനം | | 0 | 27960 | 27960 | 27960 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 17728900 | 17728900 | 17728900 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | | 0 | 905600 | 905600 | 905600 | 0 |
| അവിവാഹിത പെൻഷൻ | | 0 | 646200 | 646200 | 646200 | 0 |
| വിധവ പെൻഷൻ | | 0 | 9078800 | 9078800 | 9078800 | 0 |
| വികലാംഗ പെൻഷൻ | | 0 | 2598700 | 2598700 | 2598700 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | 0 | 60000 | 60000 | 60000 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 7460000 | 7460000 | 7460000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് Union Bank of India, Pavaratty) | 3466440.31 | 14451036 | 17917476.31 | 12504279 | 5413197.31 |
| | Trissur District co-operative Bank | 167609.76 | 0 | 167609.76 | 0 | 167609.76 |
| | ട്രഷറി അക്കൗണ്ട് | 9552368 | 8550820 | 18103188 | 9067188 | 9036000 |
| മറ്റിനം | JVSTSB | 0 | 2298244 | 2298244 | 1908309 | 339935 |
| | e-payment | 0 | 68647 | 68647 | 0 | 68647 |

* ലഭ്യമാക്കിയിരിക്കുന്ന കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 183 | 55669637 | 121 | 32701938 | | 62 | 66.12 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1.14 | 536705 | 536706.14 | 536190 | 516.14 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5584772 | 5584772 | 5584772 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27960 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 905600 | 77 |
| വിധവാപെൻഷൻ | 9078800 | 762 |
| വാർദ്ധക്യകാലപെൻഷൻ | 17728900 | 1410 |
| വികലാംഗ പെൻഷൻ | 2598700 | 228 |
| 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 646200 | 77 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 02 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന13/02/2019, 4.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 18,636/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

3.വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. പഞ്ചായത്തിൽ നിരവധി സ്വാശ്രയ കുടിവെള്ള പദ്ധതികളുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

5. തെരുവ് വിളക്കുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6. നിലവിൽ ജീവനക്കാർക്ക് യാത്രാ അലവൻസ് അനുവദിക്കുന്നത് മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ്. ഇത് ശരിയായ നടപടിയല്ല. യാത്ര കഴിഞ്ഞ് വന്നാൽ എത്രയും വേഗം നിശ്ചിത പ്രൊഫോർമയിലുള്ള യാത്രാ ഡയറി സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ടി.എ. അനുവദിക്കേണ്ടതുമാണ്. രണ്ട് വർഷത്തിനു ശേഷം ടി.എ. അനുവദിക്കാവുന്നതല്ല.

7. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടങ്ങൾ, ടോക്കൺ സമ്പ്രദായം, ടച്ച് സ്ക്രീൻ തുടങ്ങിയ സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.
8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിലവിലുള്ള രജിസ്റ്ററിൽ നിരവധി തെറ്റുകളുണ്ട്. ഉദാഹരണമായി, പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലം ആസ്തി രജിസ്റ്ററിൽ 32 Hectr 18Are എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഇത് ഒരു ഏക്കറിൽ താഴെ മാത്രമേയുള്ളൂ.
9. സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ പഞ്ചായത്ത് കമ്മറ്റി യഥാസമയം അംഗീകരിക്കുന്നില്ല. ഉദാഹരണമായി, വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ 4/17 മുതൽ 9/17 വരെയുള്ള തീരുമാനങ്ങൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായി കാണുന്നില്ല. ഇത് കേരള പഞ്ചായത്ത് രാജ് സ്റ്റാൻഡിംഗ് കമ്മറ്റി ചട്ടങ്ങൾ, ചട്ടം 16(13) ന്റെ ലംഘനമാണ്. കൂടാതെ 10/17 മുതൽ 1/18 വരെയുള്ള തീരുമാനങ്ങൾ അംഗീകരിക്കുന്നത് 20/2/18 ലാണ്. ഇക്കാര്യം സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
10. പഞ്ചായത്ത് തല ആസൂത്രണ സമിതി, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ, വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. ആസൂത്രണ സമിതി 2017-18 ൽ രണ്ട് തവണ യോഗം ചേർന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള തീരുമാനം മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. മറ്റ് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണത്തിൽ ശ്രദ്ധിക്കപ്പെടുന്നില്ല. ഉദാഹരണമായി, സ്ത്രീകളുടേയും,കുട്ടികളുടേയും വികസനത്തിനുള്ള വർക്കിംഗ് ഗ്രൂപ്പിൽനിന്നും ഉയർന്നുവന്ന താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.
i) കൗമാരക്കാരായ പെൺകുട്ടികൾക്ക് യോഗാപരിശീലനം
ii) വനിതകൾക്ക് PSC കോച്ചിംഗ്
iii)സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുക
iv)അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തുക
11. കുടിവെള്ളത്തിന് വളരെയധികം പ്രയാസം നേരിടുന്ന പഞ്ചായത്തിൽ കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വെച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.
i) മുടങ്ങിക്കിടക്കുന്ന ചാലിശ്ശേരി പാവറട്ടി കുടിവെള്ള പദ്ധതി പുനരാരംഭിക്കുക.
ii) മഴവെള്ള സംഭരണികൾ സ്ഥാപിക്കുക
iii) പുളി വെള്ള ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുക

iv) പ്ലാസ്റ്റിക്ക് നിരോധനം പൂർണ്ണമായി നടപ്പിലാക്കുക
v) മാലിന്യ നിക്ഷേപത്തിനെതിരെ ബോർഡുകൾ സ്ഥാപിക്കുക
12. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി മാറുകയോ, മോണിറ്ററിംഗ് കൃത്യമായി നടത്തുകയോ ചെയ്യുന്നില്ല.

മേൽ കാര്യങ്ങളിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-02-2019 | 2019 ജനുവരി | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-12-2010 | 2005-06മുതൽ 2009-10വരെ | 01-02-2011 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2017-18 വാർഷിക കണക്കുകളിലെ ബാലൻസ്ഷീറ്റ് പ്രകാരം capital work in progress എന്ന ശീർഷകത്തിൽ ₹24,91,991/- കാണിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് രജിസ്റ്റർ പ്രകാരം തൻവർഷം ₹18,27,352/- മാത്രമേ ഈയിനത്തിൽ ചെലവുള്ളൂ.
2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം പ്രോജക്ട് നമ്പർ 54/18-നായി ₹6,00,000/- കെ.എസ്.ഇ.ബി.-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ബാലൻസ്ഷീറ്റിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
3. പ്രോജക്ട് നമ്പർ 182/18, 178/18 എന്നിവ 17-18-ൽ പൂർത്തീകരിച്ചവയാണെങ്കിലും Capital work in progress-ൽ ഇവ കൂടി (₹83857+146763) ഉൾപ്പെട്ടതായി കാണുന്നു.
4. ജില്ലാ സഹകരണ ബാങ്ക്, ട്രഷറി അക്കൗണ്ട് (old VPF a/c) പാസ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.
5. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിലെ ചെക്ക് നമ്പർ 111565/ 19.08.17 – 1,000/- രൂപ കാലഹരണപ്പെട്ടെങ്കിലും 'Stale cheque liability' ഇനത്തിലേക്ക് മാറ്റിയിട്ടില്ല.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ)

7. തൻവർഷ കുടിശ്ശികകൾക്ക് I&E പത്രിക പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. വസ്തു നികുതി ഇനത്തിൽ ഷെഡ്യൂൾ 1-18 പ്രകാരം ഒഴിവാക്കിയ ₹10,18,518/-ന് ഭരണ സമിതി തീരുമാനമോ, മറ്റ് നടപടിക്രമങ്ങളോ ഇല്ല.

9. വസ്തു നികുതി-വാർഷിക കണക്കും, സഞ്ചയ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക ഡിമാന്റ്

വാർഷിക കണക്ക് - 39,91,134/- (റസിഡൻഷ്യൽ മാത്രം)

സഞ്ചയ - 27,61,000/- (റസിഡൻഷ്യൽ - 14,97,150+നോൺ

റസിഡൻഷ്യൽ- 12,63,850)

ബാലൻസ്

വാർഷിക കണക്ക് - 1,44,622 (റസിഡൻഷ്യൽ - 58,226+

നോൺ റസിഡൻഷ്യൽ - 86,396)

സഞ്ചയ - 1,32,291 (റസിഡൻഷ്യൽ - 62,212+

നോൺ റസിഡൻഷ്യൽ - 70,079)

10. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ആകെ തുക (A+B+C) 1,22,14,317/- രൂപയും റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ തമ്മിലുള്ള വ്യത്യാസം 15,72,800/- രൂപയുമാണ്.

11. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങൾ, 2011 – ചട്ടം 62 (എഫ്) പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
12. ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തൻവർഷം നൽകിയ തുകകളുടെ വിവരങ്ങൾ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കുന്നുണ്ടോ തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-2 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.സുരേഷ് ഡെന്റൽ ക്ലിനിക്ക്

2.അയസ് ആയുർവ്വേദ ക്ലിനിക്ക്

3.മൊസസ് ലാബോറട്ടറി

4.യൂണിറ്റി ലാബ്

മേൽ സ്ഥാപനങ്ങൾ 2017-18 വർഷം ഡി&ഒ ലൈസൻസ് പുതുക്കിയിട്ടുണ്ട്.രജിസ്ട്രേഷനില്ലാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർമാർ,റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ സ്ഥാപന ഉടമകൾക്കും ഡിമാന്റ് നോട്ടീസ് നൽകി അർഹരായവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 ലൈബ്രറി പ്രവർത്തിക്കുന്നില്ല

പഞ്ചായത്ത് ലൈബ്രറി ഒക്ടോബർ 2018 മുതൽ പ്രവർത്തിക്കുന്നില്ല. 08/10/2018,09/10/2018 തീയതികളിൽ വിതരണം ചെയ്ത 9 പുസ്തകങ്ങൾ തിരികെ ലഭിച്ചതായി രേഖപ്പെടുത്തലുകളില്ല. ലൈബ്രറിയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം:19 തീ:20/02/2019) മറുപടി നൽകിയിട്ടില്ല. നിലവിൽ ലൈബ്രേറിയനില്ലാത്തതു കൊണ്ടാണ് ലൈബ്രറി പ്രവർത്തിക്കാത്തതെന്ന് വാക്കാൽ മറുപടിനൽകിയത് .

ലൈബ്രേറിയനെ നിയമിച്ച് എത്രയും പെട്ടെന്ന് ലൈബ്രറി പ്രവർത്തനസജ്ജമാക്കാനും നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കാനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 തൊഴിൽ നികുതി-റജിസ്റ്റർ അപൂർണ്ണം, സ്റ്റേറ്റ്മെന്റുകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

2017-18 വർഷത്തെ എംപ്ലോയീസ് തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണവും സ്റ്റേറ്റ്മെന്റുകളുടെ സൂക്ഷിപ്പ് കൃത്യതയില്ലാതെയുമാണ്. തൊഴിൽ നികുതി രജിസ്റ്ററിൽ ഒന്നാം അർദ്ധവർഷം നികുതി അടവാക്കിയ ജീവനക്കാരുടെ പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തെ രശീതി നമ്പർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റേറ്റ്മെന്റുകൾ അർദ്ധവർഷം തിരിച്ചും നമ്പർ അടിസ്ഥാനത്തിലും സൂക്ഷിച്ചിട്ടില്ല. പല സ്റ്റേറ്റ്മെന്റുകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. തൊഴിൽ

നികുതി റജിസ്റ്ററിൽ പഞ്ചായത്തിലെ 10 ജീവനക്കാർ ഒന്നാം അർദ്ധവർഷവും 3 ജീവനക്കാർ രണ്ടാം അർദ്ധവർഷവും തൊഴിൽ നികുതി അടവാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റേറ്റ്മെന്റും ലഭ്യമായില്ല. ആയതിനാൽഎല്ലാ ജീവനക്കാരും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. തൊഴിൽ നികുതി റജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതും സ്റ്റേറ്റ്മെന്റുകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-6 ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല,സ്ഥാപന തൊഴിൽനികുതിഅടവാക്കിയില്ല

റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുക്കുകയോ, സ്ഥാപന തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ഡി&ഒ ലൈസൻസ് ചട്ടങ്ങൾപട്ടിക 1 ൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ വരുമാനത്തിനനുസരിച്ച് സ്ഥാപന തൊഴിൽനികുതിഈടാക്കുകയും ചെയ്യണം.

മേൽ സ്ഥാപനങ്ങളെകൊണ്ട് ഡി&ഒ ലൈസൻസ് എടുപ്പിക്കാനും തൊഴിൽനികുതി ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കേണ്ട പദ്ധതി നം.82/18 “ഹോമിയോ മരുന്ന് വാങ്ങൽ” അടങ്കൽ 1,00,000/- രൂപ, പദ്ധതി നം.83/18 “പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ” അടങ്കൽ 50,000/- രൂപ എന്നിങ്ങനെ വകയിരുത്തിയിരുന്നെങ്കിലും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തുക ചെലവഴിച്ചതായി കാണുന്നില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ട്രഷറിയിൽ ബിൽ സമർപ്പിരുന്നെങ്കിലും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയില്ലെന്നും ട്രഷറി അക്കൗണ്ടിലേക്ക് മാത്രമേ പണം കൈമാറുകയുള്ളൂവെന്ന് ട്രഷറിയിൽ നിന്ന് അറിയിച്ചുകൊണ്ട് ബിൽ മടക്കിയതായും, ട്രഷറി അക്കൗണ്ട് നം. ലഭ്യമാക്കാനായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടിരുന്നെങ്കിലും ടി അക്കൗണ്ട് നമ്പർ ലഭ്യമായില്ലായെന്നും, ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ ബിൽ മാറുവാൻ സാധിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മരുന്ന് വാങ്ങൽ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നത് ആവശ്യക്കാർക്ക് യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. തികച്ചും സാങ്കേതികമായ പ്രശ്നം കാരണം ബിൽ തുക മാറ്റിയെടുക്കാൻ സാധിക്കാതെ വന്നത് ഗൗരവമുള്ളതാണെന്നും ബന്ധപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്ത് നിന്നും അവസരോചിതമായ ഇടപെടലുകൾ ഉണ്ടായിട്ടില്ലെന്നുമുള്ളത് ഗൗരവമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 വാഹന പരിപാലനം അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL46-J 2473 മഹീന്ദ്ര ബൊലെറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിന്റെ ഇന്ധന ഉപയോഗത്തെക്കുറിച്ച് പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല. തന്മൂലം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടിയുടെ 29.06.17 തീയതിയിലെ 146/17-18 പ്രകാരമുള്ള ഇന്ധന സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധനക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) റിപ്പയർ, സ്റ്റോക്ക്, ഫ്യുവൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

വാഹന പരിപാലനത്തെ സംബന്ധിച്ച് ജി.ഒ(എംഎസ്)170/07ത.സ്വ.ഭ.വ 30.06.07, സർക്കുലർ നം.41/08/ധന/02.08.08 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## **3-3** <u>അസിസ്റ്റൻറ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ</u>

1) <u>വിവാഹ ധനസഹായം അനുവദനീയമായ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു.</u>

പ്രോജക്റ്റിന്റെ പേര്-വിവാഹധനസഹായം

ബിൽ നം -15/17-18 തിയ്യതി-8-3-18

തുക -75,000/-

13-3-18 തിയ്യതിയിലെ 669/18 ത.സ്വ.ഭ.വ ഉത്തരവ്വ പ്രകാരം ശ്രീ മണികണ്ഠൻ സി എ, ചെറാട്ടി പാവറട്ടി എന്നവരുടെ മകളുടെ വിവാഹത്തിന് ധനസഹായം നൽകാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വിവാഹം നടന്ന തിയ്യതി 6-6-2016നാണ്. ഉത്തരവിൽ ധനസഹായം അനുവദിയ്ക്കേണ്ട നിരക്ക് വ്യക്തമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ 4/2016ത.സ്വ.ഭ.വ തിയ്യതി 11-1-16 പ്രകാരം വിവാഹ തിയ്യതിയായ 6-6-16 ൽ 50,000/- രൂപ നിരക്കിലുള്ള വിവാഹ ധനസഹായം ആണ് അനുവദിയ്ക്കാവുന്നത്. അധികം അനുവദിച്ച 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>2) എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം.</u>

പ്രോജക്റ്റ് നമ്പർ-89/18ബിൽ നം 6/17-18 തിയ്യതി22-1-18

തുക -4,08,991/-

എ)മേൽപദ്ധതി പ്രകാരം ലാപ് ടോപ്പ് വാങ്ങുന്നതിനായി ഇ ടെണ്ടർ ക്ഷണിച്ചതിൽ 10 പേർ പങ്കെടുക്കുകയും ഇതിൽ നിയമാനുസൃതം ഒഴിവാക്കിയിട്ടില്ലാത്തവരിൽ നിന്നും ഇ എം ഡി, (9000), ടെണ്ടർ ഫോംവില (1800+Gst) എന്നിവ ഈടാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ബി) ലാപ് ടോപ്പ് അനുവദിച്ച നിജിൽ കെ എം, കവറ ഹൗസ്, മരുതയൂർ എന്ന വിദ്യാർത്ഥി ഹാജരാക്കിയിരിക്കുന്നത് ബി ആർ ഡി ടെക്നോളജി ഏൻറ് മാനേജ്മെന്റ്, പാറേംപാടം കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും 3 year diploma in Automobile Engineering and management എന്ന്

രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആണ് ഫയലിലുള്ളത്. സബ്സിഡി മാർഗ്ഗരേഖ 80/17-18ത.സ്വ.ഭ.വ തിയ്യതി 3-4-17 പ്രകാരം പോളി ടെക്നിക്ക് ഡിപ്ളോമയ്ക്ക് പഠിക്കുന്ന വിദ്യാർഥികൾക്കാണ് ലാപ് ടോപ്പ് അനുവദിക്കാവുന്നത്. മേൽ പറഞ്ഞ സ്ഥാപനം ഐ.ടി.ഐ ആണ്. ഐ.ടി.ഐ കളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകാൻ മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥയില്ലാത്തതാണ്.

സി)ശ്രീ.ബിജിൽ ബാലൻ, ളുമത്ത് ഹൗസ്, പൂവത്തൂർ എന്ന വിദ്യാർഥി ഹാജരാക്കിയിരിക്കുന്നത് ശ്രീ അച്യുതമേനോൻ ഗവ.കോളേജ് കുട്ടനെല്ലൂരിൽ നിന്നുമുള്ള ADLRM course (during the period2017-18 ) എന്ന സാക്ഷ്യ പത്രം ആണ്. മേൽ പറഞ്ഞ കോഴ്സ് ഏതുവിഭാഗത്തിൽ (ബിരുദം,ബിരുദാന്തര ബിരുദം,പോളി ടെക്നിക്ക് ) ഉൾപ്പെടുന്നു എന്നുള്ള വിവരം ലഭ്യമല്ല. മാർഗ്ഗരേഖയ്ക്ക് വിധേയമായി മാത്രം പദ്ധതി ഏറ്റെടുത്ത് നടത്തേണ്ടതാണ്.

3)പ്രോഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.

പ്രോജക്റ്റ് നമ്പർ-92/18

ബിൽ നം 10/17-18 തിയ്യതി 12-2-18

തുക -1,10,000/-

മേൽ പദ്ധതിയിലുൾപെടുത്തി ശ്രീ സുജീഷ് പി എസ് എന്ന വിദ്യാർത്ഥിയ്ക്ക് 30,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടിയാൻ വിസ്ഡം കോളേജ് പാലുവായ് എന്ന സ്ഥാപനത്തിൽ (പാരലൽ കോളേജ്) എം കോം ഒന്നാം വർഷം പഠിക്കുന്നതായാണ് സാക്ഷ്യപത്രത്തിൽ പറയുന്നത്.

സബ്സിഡി മാർഗ്ഗരേഖ 80/17-18തസ്വഭവ തിയ്യതി 3-4-17 പ്രകാരവും ,12-12-17 ലെ സ ഉ (സാധാ) നം 3991/17 ത.സ്വ.ഭ.വ പ്രകാരവും മെറിറ്റോറിയസ് ആയ പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. സ്കോളർഷിപ്പ് അനുവദിച്ച മറ്റു വിദ്യാർത്ഥികളുടെയെല്ലാം കോളേജുകളിൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ സുജീഷ് പി എസ് എന്ന വിദ്യാർത്ഥിയുടെ അഡ്മിഷൻ മെറിറ്റ് അടിസ്ഥാനത്തിലാണെന്ന രേഖ ലഭ്യമാക്കും വരെ ചെലവു തുക 30,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

4)പ്രോജക്റ്റ് നമ്പർ-97/18

പ്രോജക്റ്റിന്റെ പേര്-പി എം എ വൈ 2017-18 വിഹിതം കൈമാറൽ

ബിൽ നം 2/17-18 തിയ്യതി 12-1-18

തുക -1,80,000/-

മേൽ പദ്ധതി പ്രകാരം 2017-18 ലെ പി എം എ വൈ വിഹിതമായി 1,80,000 രൂപ മുല്ലശ്ശേരി ബ്ളോക്കിന് കൈമാറിയിട്ടുണ്ട്. ബ്ളോക്കിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കും വരെ ചെലവു തുക 1,80,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
5)പ്രോജക്റ്റ് നമ്പർ-61/18

പ്രോജക്റ്റിന്റെ പേര്-ട്ടൂ വീലർ വിതരണം(എസ് സി യുവജനം)

ബിൽ നം 7/17-18 തിയ്യതി 22-1-18തുക 21,584

ബിൽ നം 9/17-18 തിയ്യതി 12-2-18തുക 17,793

ബിൽ നം 11/17-18 തിയ്യതി 16-2-18തുക 74,841

ബിൽ നം 14/17-18 തിയ്യതി 8-3-18തുക 30,000

ബിൽ നം 20/17-18 തിയ്യതി 24-3-18തുക 18,330

ബിൽ നം 24/17-18 തിയ്യതി 24-3-18തുക 19,743
ബിൽ നം 16/17-18 തിയ്യതി 20-3-18തുക 21,031

മേൽ പദ്ധതി പ്രകാരം 9 പേർക്ക് ടൂ വീലർ വാങ്ങുന്നതിന് ആകെ 2,03,322 രൂപ ധനസഹായംഅനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ വരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ബ്ളാങ്ക് മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. ആയതിനാൽ തന്നെ ഇവർ എപ്രകാരമുള്ള പ്രവർത്തിയാണ് ചെയ്യാനുദ്ദേശിക്കുന്നത്, നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയാണോ എന്ന് വ്യക്തമല്ല. ധനസഹായം കൈപ്പറ്റിയവർ 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ, ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് (എൻക്വയറി നം-8 dt.14-2-`19)സമയക്കുറവു കാരണമാണ് എഗ്രിമെന്റ് പൂരിപ്പിക്കാതിരുന്നത് എന്നാണ് മറുപടി നൽകിയത്.

വാഹനം വാങ്ങിയ കടയുടെ അക്കൗണ്ടിലേക്കോ വായ്പ എടുക്കുന്ന സംഗതികളിൽ വാഹന വായ്പ നൽകിയ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടത് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നുള്ള ധനസഹായം ഗുണഭോക്താക്കളുടെ SB അക്കൗണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത്.

വാഹനം വാങ്ങിയവരുടെ പേരിൽ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖ ഫയലിലില്ല. മേൽ പദ്ധതിയിലുൾപെടുത്തി സുധീഷ് പി എസ് എന്ന വ്യക്തിക്ക് 30,000 രൂപ ധന സഹായം നൽകിയിട്ടുണ്ട്. ടിയാൻ Royal enfield classic 350 എന്ന മോഡൽ 1,46,685 രൂപ വിലയുള്ള വാഹനം ആണ് വാങ്ങിയിരിക്കുന്നത്. ഉപജീവനോപാധി എന്ന നിലയിലാണ് മേൽ പറഞ്ഞ ധനസഹായം അനുവദിക്കാവുന്നത്. ആഡംബര ശ്രേണിയിൽ പെടുന്ന മേൽ പറഞ്ഞ വാഹനം വാങ്ങിയതിന് ധനസഹായം നൽകിയത് ഉചിതമായില്ല.

## **3-4** തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ്നം - 56/18

ട്രഷറി ബിൽ നം. 21/17-1-18 Rs.1,94,800/-

" 36/14-2-18 Rs.2,05,001/-

മേൽ പദ്ധതിക്കായി 2017-18 വർഷത്തിൽ 3,99,801/- രൂപ ചെലവഴിച്ച് 14W ന്റെ 1820 LED ബൾബുകളും ആയതിനുവേണ്ട അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ നോട്ടീസ് പ്രകാരം 18W,15W LED ബൾബുകൾ സപ്ലൈ ചെയ്യുന്നതിനായിരുന്നു ടെണ്ടർ ക്ഷണിച്ചത്. എന്നാൽ വാങ്ങിയത് 14W LED ബൾബുകളായിരുന്നു. ഇതിന് ABC Marketing എന്ന സ്ഥാപനം മാത്രമാണ് നിരക്കുകൾ ക്വാട്ട് ചെയ്തിരുന്നത്. ആയതിനാൽ മത്സരാധിഷ്ഠിത ടെണ്ടർ നടന്നതായി പറയാനാകില്ല.

2. 4 ടെണ്ടറുകൾ ലഭിച്ചതിൽ എഡിസൺ, ഇലക്ട്രോമെറ്റ് എന്നീ സ്ഥാപനങ്ങൾ സാമ്പിളുകൾ ഹാജരാക്കിയിരുന്നില്ല എന്ന് ഓഫീസ് കുറിപ്പിൽ പറയുന്നു. എന്നാൽ ടെണ്ടറുകൾ പരിശോധിച്ചതിൽ

"നവഭാരത്" എന്ന സ്ഥാപനം മാത്രമാണ് സാമ്പിളുകൾ ഹാജരാക്കിയതായി ടെണ്ടറിൽ പറയുന്നത്. ടെണ്ടർ ഓപ്പൺ ചെയ്ത ഉദ്യോഗസ്ഥൻ ടെണ്ടർ സംബന്ധിച്ച യാതൊരു വിവരവും ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല.

3. നവഭാരത് എന്ന സ്ഥാപനം ചില ഇനങ്ങൾക്ക് (ഉദാ: LED 15W) ABC എന്ന സ്ഥാപനത്തേക്കാൾ കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ABCയെ മാത്രമാണ് നെഗോസിയേഷന് ക്ഷണിച്ചത്. ഈ സ്ഥാപനം തന്നെയാണ് കഴിഞ്ഞ വർഷവും തെരുവ് വിളക്കുകൾ സപ്ളൈ ചെയ്തത്. ഇത് ടെണ്ടറിന്റെ സുതാര്യത നഷ്ടപ്പെടുത്തുന്ന നടപടിയാണ്.

4. ടെണ്ടർ ഉറപ്പിക്കുന്നതിനുമുൻപ് സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല. എന്നാൽ ടെണ്ടർ ഉറപ്പിച്ച്, സപ്ലൈ ഓർഡർ നല്കിയതിനുശേഷം ABC സപ്ലൈ ചെയ്ത 14W,11W LED ബൾബുകളുടെ പരിശോധന തൃശ്ശൂർ ഗവ. പോളി ടെക്നിക്കിൽ നടത്തിയതായി കാണുന്നു. എന്നാൽ ഈ റിപ്പോർട്ടിൽ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

5. ABC എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

6. വാങ്ങിയ തെരുവ് വിളക്കുകളുടെ വാറന്റി, ഗ്യാരണ്ടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ടെണ്ടറിൽ സ്ഥാപനം ഒരു വർഷത്തെ ഗ്യാരണ്ടി പറഞ്ഞിട്ടുണ്ട് എന്നാണ് അറിയിച്ചത്. അങ്ങനെയാണെങ്കിൽ തെരുവ് വിളക്കുകളുടെ റിപ്പയറിന് ഒരു വർഷത്തേക്ക് തുക ചെലവഴിക്കേണ്ടതില്ല. എന്നാൽ 2018-19 ലും തെരുവ് വിളക്ക് റിപ്പയറിന് തുക ചെലവ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ വ്യക്തത വരുത്തേണ്ടതാണ്.

7. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. ഇൻവോയ്സ് നം. 941/27-9-17 പ്രകാരം 450 എണ്ണം ബൾബ് ഹോൾഡറുകൾ സ്ഥാപനം സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ 338 എണ്ണം മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ സപ്ലൈ ഓർഡറിൽ 9 രൂപ വിലയുള്ള 450 ഹോൾഡറുകളാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 12 രൂപ നിരക്കിലുള്ള 338 ഹോൾഡറുകളാണ് സ്ഥാപനം സപ്ലൈ ചെയ്തതെന്നാണ് പറഞ്ഞിരിക്കുന്നത്. ലഭ്യമാക്കിയ ഹോൾഡറുകൾ പഞ്ചായത്തിലെ ഉപയോഗത്തിന് യോജിച്ചതായിരുന്നുവോ എന്നും, ഇവ ഉപയോഗപ്പെടുത്തിയോ എന്നതും അറിയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 918 എണ്ണം ബാലൻസുണ്ട്. സപ്ലൈ ഓർഡർ നല്കിയ സാധനങ്ങൾ തന്നെ സപ്ലൈ ചെയ്യാൻ സ്ഥാപനത്തിന് ബാധ്യതയുണ്ടായിരുന്നു.

9. 2016-17 ന് മുൻപുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ മുൻ വർഷങ്ങളിൽ വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്റ്റോക്കിൽ ബാലൻസുണ്ടോ എന്നത് പരിശോധിക്കാനായില്ല.

മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ 3,99,801/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 <u>തെരുവ് വിളക്കുകളുടെ AMC - അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ്നം - 2/18

ട്രഷറി ബിൽ നം. 3/14-8-17 Rs.57,240/-

“ 9/29-8-17 Rs.11,625/-

“ 12/27-9-17 Rs.21,930/-

“ 23/17-1-18 Rs.21,075/-

“ 26/24-1-18 Rs.35,325/-

“ 47/17-3-18 Rs.43,575/-

Total Rs.1,90,770/-

മേൽ പ്രകാരം 2017-18 വർഷത്തിൽ ആകെ 1,90,770/- രൂപ തെരുവ് വിളക്കുകളുടെ AMC ക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ നോട്ടീസ് പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ഒരു വർഷത്തേക്ക് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. ഒരു തെരുവ് വിളക്ക് ഒരു വർഷം എത്ര തവണ റിപ്പയർ ചെയ്താലും ഒറ്റത്തവണ മാത്രമേ തുക അനുവദിക്കൂ. ഇതു പ്രകാരം ടെണ്ടർ സമർപ്പിച്ച ശ്രീ. വിൻസാൽ കണ്ണേങ്കലത്ത് എന്നയാളുടെ സിംഗിൾ CFL ഒന്നിന് റിപ്പയറിന് 75 രൂപയും, Double tube ഒന്നിന് 255/- രൂപയും

എന്ന നിരക്കുകൾ അംഗീകരിച്ച് കരാർ നല്കുകയായിരുന്നു. എന്നാൽ യഥാർഥത്തിൽ തെരുവ് വിളക്കുകളുടെ റിപ്പയറിന് പകരം CFL കൾ മാറ്റി LED ബൾബുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് നടന്നത്. എന്നാൽ കരാറുകാരന് ഒരു CFL മാറ്റി LED ബൾബ്ബ് സ്ഥാപിക്കുന്നതിന് 75/- രൂപവീതം നല്കിയതായി കാണുന്നു. ഇത് ക്രമപ്രകാരമല്ല. പദ്ധതി ആസൂത്രണം ചെയ്തതിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത്തരത്തിൽ പദ്ധതി നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മറ്റി തീരുമാനവും പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇത്തരത്തിൽ പദ്ധതി നടപ്പാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിരിക്കാനും സാധ്യതയുണ്ട്.

2. കരാറുകാരനുമായി കരാർ ചമച്ചതായി കാണുന്നില്ല.

3.KSEB യുടെ 9/2018 ലെ BB/31/Streetlght/2018-19 കത്തിൽ താഴെ പറയുംപ്രകാരമുള്ള തെരുവ് വിളക്കുകളാണ് പഞ്ചായത്തിലുള്ളത്.

CFL - 1185 nos

LED - Nil

Tube - 66nos

Sodium vapour lamp – 16 nos.

എന്നാൽ കരാറുകാരന് 2017-18 വർഷം 2462 എണ്ണം LED ബൾബ്ബ് സ്ഥാപിച്ചതിനും, 24 എണ്ണം ട്യൂബുകൾ സ്ഥാപിച്ചതിനും തുക നല്കിയിട്ടുണ്ട്. CFL മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയാണ് നടന്നിട്ടുള്ളതെങ്കിൽ 1185 എണ്ണം CFL ന് പകരം എപ്രകാരമാണ് 2462 എണ്ണം LED സ്ഥാപിച്ചതെന്ന് വ്യക്തത വരുത്തേണ്ടതാണ്.

4. പഞ്ചായത്ത് സ്റ്റോക്കിൽനിന്നും മെമ്പർമാർക്കാണ് തെരുവ് വിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. മെമ്പർമാർ കൈപ്പറ്റിയ ഉപകരണങ്ങളുടെ എണ്ണവും കരാറുകാരൻ സ്ഥാപിച്ചതായി പറയുന്ന എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ടെണ്ടർ നോട്ടീസിൽ 14ാം നിബന്ധന പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് കരാറുകാരൻ

KSEB യിൽനിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കിയതായി കാണുന്നില്ല.

6. മാറ്റിയിട്ട അല്ലെങ്കിൽ കേടുവന്ന CFL ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 ലെ ജി.2-44274/15 നം ഉത്തരവിലെ പലനിബന്ധനകളും പാലിച്ചതായി കാണുന്നില്ല.

മേൽ കാര്യങ്ങളിൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ 1,90,770/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ സാംഖ്യയിൽനിന്നുള്ള ചെക്ക് റിസീവ്ഡ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന തുകകൾ ലഭിച്ചിട്ടുണ്ട്. ഇവ എപ്രകാരം വിനിയോഗിച്ചുവെന്നത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല (എൻക്വയറി നം.15/16-2-19).

| ക്രമ നം | രശീതി നം/തീയ്യതി | തുക | ആരിൽനിന്ന് ലഭിച്ച | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 117030500110/7-10-17 | 60000 | ശുചിത്വ മിഷൻ | വ്യക്തമല്ല |
| 2 | 117020500003/23-12-17 | 120000 | വ്യക്തമല്ല | പ്രോജക്റ്റ്നം-87/18-ആടുവളർത്തൽ |
| 3 | 117020900014/30-8-17 | 53000 | തൊഴിലുറപ്പ് പദ്ധതിക്കായി | 100ദിവസം ജോലി ചെയ്തവർക്കുള്ള അവാർഡ് തുക |
| 4 | 117020900016/31-8-17 | 25000 | ശുചിത്വ മിഷൻ | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പദ്ധതി |
| 5 | 117020900057/21-3-18 | 12500 | വ്യക്തമല്ല | വിമുക്തി |

മേൽ തുകകൾ എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-7 റിക്കവറി നടത്തിയ 89113/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമല്ല

2011-12 വർഷം ബസ് സ്റ്റാന്റ് ലേലം വിളിച്ച ശ്രീ ഇ.ഡി. തോമസ് എടക്കളത്തൂർ എന്നയാൾ 63,767/- രൂപ കുടിശ്ശിക വരുത്തിയിരുന്നു. ആയതിന്റെ പിഴപ്പലിശ സഹിതം 89,113/- രൂപ ടിയാനിൽനിന്നും

റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയതായി വില്ലേജിൽനിന്നുള്ള സാക്ഷ്യപത്രം ടിയാൻ ഹാജരാക്കിയത് പരിഗണിച്ച് ടിയാൻ പഞ്ചായത്തിൽ അടവാക്കിയിരുന്ന EMD തിരികെ നല്കുന്നതിന് 17-6-17 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു (നം.8(1)). എന്നാൽ മേൽ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല (എൻക്വയറിനം.15/16-2-19). മേൽ തുക പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും, അല്ലാത്തപക്ഷം തുക റവന്യൂ അധികാരികളിൽനിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ടിയാന് EMD തിരികെ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-8 ധന വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല – 946722/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്കായി നല്കിയ താഴെ പറയുന്ന തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ്നം/പേര് | തുക | വൌച്ചർ നം/ബിൽ നം | ആർക്ക് നല്കി |
|---|---|---|---|---|
| 1 | 188/18- ഐഎംഎ ബ്ലഡ് ബാങ്ക് വിഹിതം | 100000 | vr.no.21700628/26-10-17 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 2 | 191/18- ഭിന്ന ശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 50000 | ട്രഷറി ബിൽ നം.10/27-10-17 | “ |
| 3 | 59/18- ഐകെഎം വിഹിതം | 52863 | “ 7/24-8-17 | IKM |
| 4 | 60/18- ABC പ്രോഗ്രാം | 75000 | “ 11/27-10-17 | ജില്ലാ പഞ്ചായത്ത് |
| 5 | 198/18- സ്ട്രീറ്റ് മെയിൻ മാറ്റൽ | 13668 | “ 25/24-1-18 | KSEB |
| 6 | 54/18- സ്ട്രീറ്റ് ലൈൻ വലിക്കൽ | 605191 | “ 38/20-2-18<br>ചെക്ക് നം.117514/14-3-18 | “ |
| 7 | 58/18- PMAY വിഹിതം | 50000 | ട്രഷറി ബിൽ നം.22/29-11-17 | ബ്ലോക്ക് പഞ്ചായത്ത് |
| | ആകെ | 946722/- | | |

മേൽ തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 9,46,722/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-9** വൃദ്ധർക്ക് കട്ടിൽ- **60** വയസ്സ് പൂർത്തീകരിക്കാത്തവർക്കും ആനുകൂല്യം നല്കി **- 12792/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

1. പ്രോജക്റ്റ്നം 166/18- വൃദ്ധർക്ക് കട്ടിൽ (എസ്.സി)

ട്രഷറി ബിൽ നം 4/20-2-18 Rs.1,27,920

" 5/28-3-18 Rs.1,96,144

2. പ്രോജക്റ്റ്നം 106/18- വൃദ്ധർക്ക് കട്ടിൽ (ജനറൽ)

ട്രഷറി ബിൽ നം. 6/31-3-18 Rs.1,75,000
വൗച്ചർ നം. 21701297/28.03.18 Rs. 42,464/-

മേൽ പദ്ധതികൾ പ്രകാരം കട്ടിൽ ഒന്നിന് 4,264/- രൂപ പ്രകാരം എസ്.സി വിഭാഗത്തിൽപെട്ട 76 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽപെട്ട 51 ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം നല്കിയിട്ടുണ്ട്. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് പൂർത്തീകരിച്ച വൃദ്ധർക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന 3 ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 60 വയസ്സ് പൂർത്തീകരിച്ചിരുന്നില്ല.

ചന്ദ്രൻ കെ.ടി., കുണ്ടു ഹൌസ്, മരുതയൂർ - 53 വയസ് (എസ്.സി)

അപ്പുണ്ണി ടി.കെ., തറമ്മൽ ഹൌസ്, - 58 ' ( " )

ശാന്ത, എൻ.എ., നെല്ലിക്കൽ ഹൌസ് - 58 " (ജനറൽ )

ഗുണഭോക്താക്കൾ ലഭ്യമാക്കിയ ആധാർ കാർഡല്ലാതെ വയസ്സ് തെളിയിക്കാൻ മറ്റേതെങ്കിലും രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതുവരെ 12,792/-രൂപയുടെ ചെലവ് (3x4264) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-10** പി.എച്ച്.സി. കുടിവെള്ള പദ്ധതി - എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്

കനോലി കനാൽ, ഉപ്പുവെള്ളം കയറുന്ന മറ്റ് കായലുകൾ എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന പാവറട്ടി പഞ്ചായത്തിന്റെ വളരെ കുറച്ച് സ്ഥലത്തുമാത്രമേ ശുദ്ധജലം ലഭ്യമാകുന്നുള്ളൂ. അതുകൊണ്ടുതന്നെ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ശുദ്ധജല ദൗർലഭ്യം. 10,11,12 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായാണ് 2016-17 വർഷത്തിൽ PHC കുടിവെള്ള പദ്ധതി ആരംഭിക്കുന്നത്. 22,24,500/- രൂപ എസ്റ്റിമേറ്റുള്ള മേൽ പദ്ധതിയുടെ ഒട്ടുമിക്ക പ്രവൃത്തികളും ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. 10,11,12 എന്നീ വാർഡുകളിൽ പ്രത്യേകം 10000ലിറ്ററിന്റെ വാട്ടർടാങ്കുകൾ സ്ഥാപിച്ച് PHC യിലുള്ള തുറന്ന കിണറിൽനിന്നും ടാങ്കുകളിലേക്ക് പമ്പിംഗ് ലൈനുകളും മൂന്ന് വാർഡുകളിലെ ആവശ്യക്കാർക്ക് കുടിവെള്ള കണക്ഷനും നല്കുന്നതിനാണ് പദ്ധതി. ഇതിൽ 12ാം വാർഡിലെ ടാങ്കിന്റെ പണി മാത്രമേ ഇനി പൂർത്തീകരിക്കാനുള്ളൂ. പഞ്ചായത്ത് നടപ്പിലാക്കുന്ന മാതൃകാപരമായ ഒരു പദ്ധതിയാണിത്. മൂന്ന് വാർഡുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുതകുന്ന ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - മാനദണ്ഡങ്ങൾ പാലിച്ചില്ല

കരാറുകാരൻ - ബിജു കെ.കെ

വൗച്ചർ നം.217009 Rs.3,47,841

" 21700479/14-9-17 Rs.36,639

5/5/17 മുതൽ 3/6/17വരെ പഞ്ചായത്തില് നടത്തിയ കുടിവെള്ള വിതരണത്തിനായി 3,84,480/- രൂപ ചെലവഴിച്ചിട്ടുണ്ട്. 23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ വാടകക്ക് എടുക്കുന്ന ടാങ്കറിന്റെ വാടക നല്കുമ്പോൾ GPS ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കിലോമീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ച് ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ മാനദണ്ഡങ്ങളൊന്നും പഞ്ചായത്ത് നടത്തിയ കുടിവെള്ള വിതരണത്തിൽ പാലിച്ചതായി കാണുന്നില്ല. ടെണ്ടറിനോടൊപ്പം ടെണ്ടർ നോട്ടീസിൽ പറയുംപ്രകാരം 5,000/- രൂപയുടെ ഇ.എം.ഡി. ക്ക് പകരം 3,000/- രൂപയാണ് അടവാക്കിയത്. ടെണ്ടറിനോടൊപ്പം പ്രാഥമിക കരാർ ഹാജരാക്കിയിരുന്നില്ല. മാത്രമല്ല, കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയോ, സെക്യൂരിറ്റി ഡെപോസിറ്റ് വാങ്ങിയതായോ കാണുന്നില്ല.

ടെണ്ടർ നോട്ടീസ് പ്രകാരം കരാറുകാരൻ സ്വന്തം ചെലവിൽ കുടിവെള്ള സ്രോതസ്സ് കണ്ടെത്തേണ്ടതും, കുടിവെള്ളത്തിന്റെ ശുദ്ധത പരിശോധിച്ച് ഉറപ്പ് വരുത്താതെ കുടിവെള്ള വിതരണം നടത്താൻ പാടില്ലാത്തതുമാണ്. എന്നാൽ കുടിവെള്ള സ്രോതസ്സിന്റെ വിവരങ്ങളോ, ശുദ്ധത പരിശോധിച്ചതിന്റെ രേഖകളോ കരാറുകാരൻ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണം നടത്തിയ വെള്ളം കുടിക്കാൻ യോഗ്യമാണോയെന്ന് ഉറപ്പിക്കാനാവില്ല.

6/5/17 മുതൽ 8/5/17 വരെ വാട്ടർ അതോറിറ്റിയുടെ വാടാനപ്പിള്ളി സംഭരണിയിൽനിന്നും 9 ലോഡ് വെള്ളം (9x6000lit) വിതരണം നടത്തിയതായും ആയതിന്റെ വിലയായ 3,240/- രൂപ പഞ്ചായത്തിനോട് വാട്ടർ അതോറിറ്റി അടവാക്കാനാവശ്യപ്പെട്ടതായും മേൽ തുക പിന്നീട് കരാറുകാരൻ അടവാക്കിയതായും കാണുന്നു. വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഈ ദിവസങ്ങളിൽ ആകെ 9 ലോഡ് വെള്ളമാണ് നല്കിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ കണക്ക് പ്രകാരം മേൽ ദിവസങ്ങളിൽ 15 ലോഡ് വെള്ളം വിതരണം നടത്തിയതായും ആയതിന് കരാർ പ്രകാരമുള്ള തുക അനുവദിച്ചതായും കാണുന്നു. കുടിവെള്ള സ്രോതസ്സ് കണ്ടെത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായിരുന്നു. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മാത്രമല്ല, പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലെ വാട്ടർ കിയോസ്കുകൾ കുടിവെള്ളവിതരണത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 dt.11/2/19) മറുപടി ലഭ്യമാക്കിയെങ്കിലും ആയത് തൃപ്തികരമല്ല. മറുപടിയോടൊപ്പം കുടിവെള്ള പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതായി പറയുന്നുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ 3,84,480/-രൂപയുടെ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബില്ലിൽനിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. ആയതിനാൽ ഒരു ശതമാനം തുകയായ 3,844/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി അടവാക്കിയതിനുശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 വാർഷിക ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം 14(3) പ്രകാരം വാർഷിക ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ചുകഴിഞ്ഞാൽ ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേകം യോഗം കൂടി റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് പ്രസക്ത പരാമർശങ്ങളിന്മേൽ തീരുമാനമെടുക്കണം. എന്നാൽ പഞ്ചായത്തിൽ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3 തവണ കമ്മറ്റിയിൽ വെച്ചെങ്കിലും അടുത്ത തവണ ചർച്ചക്കായി മാറ്റിവെക്കുകയാണുണ്ടായത്. ആയതുകൊണ്ടുതന്നെ നാളിതുവരേയായി റിപ്പോർട്ടിന്മേൽ ചർച്ച നടക്കുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1994 സെക്ഷൻ 15(1) പ്രകാരം വാർഷിക റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമായി രണ്ട് മാസത്തിനകം ആയതിന്മേൽ ആദ്യ മറുപടി അയക്കണമായിരുന്നു. ഇത് പാലിക്കാനും പഞ്ചായത്തിനായിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| . | | എണ്ണം |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം | 23 |
| 2 | അംഗൻവാടി കുട്ടികളുടെ എണ്ണം | 300 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 11 |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 12 |
| 5 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 22 |
| 6 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന് L.S.G.D. എഞ്ചീനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 1 |
| 7 | ശൗചാലയങ്ങളുള്ളത് | 22 |
| 8 | ചുറ്റുമതിലുള്ളത് | 11 |
| 9 | വൈദ്യുതീകരിച്ചത് | 23 |
| 10 | വാട്ടർ കൺക്ഷനുള്ളത് | 14 |

| | | |
|---|---|---|
| 11 | ധാന്യ സംഭരണിയുള്ളത് | 23 |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 23 |
| 13 | ബേബി ഫ്രണ്ട്ലിയായത് | 6 |
| 14 | 31-03-2017 തിയ്യതിയിൽ അംഗൻവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | - |
| 15 | നീരീക്ഷണ കമ്മിറ്റി രൂപികരിച്ച അംഗൻവാടികളുടെ എണ്ണം | 23 |
| 16 | നീരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | - |
| 17 | അംഗൻവാടിയിൽ വിതരണം ചെയ്ത പോഷകാഹാരം സംബന്ധിച്ച്, നീരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | - |

മേൽ വിശദാംശത്തിൽ നിന്നും പഞ്ചായത്തിലെ 12 അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നത്. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 4,56,258/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിൽ നിന്നും വ്യക്തമാക്കുന്നത്. ഈ തുക സ ഉ നം 39033/ഡി സി.2/2010 ത.സ്വ.ഭ.വ 3/9/10 ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും സുരക്ഷിതമല്ലാത്ത കെട്ടിടം സുരക്ഷിതമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## **3-14** <u>മുച്ചക്ര വാഹനം നൽകൽ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.</u>

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ "ശാരീരിക വൈകല്യമുള്ളവർക്ക് മുച്ചക്രം നൽകൽ" പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന് കാണുന്നു. പദ്ധതി പ്രകാരം വാഹനം ഉപയോഗിക്കാൻ ശേഷിയുള്ള ശാരീരിക വൈകല്യമുള്ള 15 പേർക്ക് 75,000/- രൂപ വിലയുള്ള സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. ആയതിന് 'കെൽട്രോൺ' എന്ന സ്ഥാപനത്തിന് ബിൽ നം. MKTG/TRD/0109/17-18 dt. 9.3.18 ട്രഷറി ബിൽ നം. 23/17-18 പ്രകാരം 11,25,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. വാഹനം ലഭ്യമാക്കിയ ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താവുമായി സാധുതയുള്ള കരാർ ചമച്ചിട്ടില്ല. പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയാകണമെന്നിരിക്കെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ടി ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുകളിൽ പറയുന്ന രേഖകൾ ഹാജരാക്കുന്നതുവരെ 11,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 പൊതുടാപ്പ് - സംയുക്ത പരിശോധന നടത്തുന്നില്ല.

പാവറട്ടി പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി പ്രകാരം നിലവിലുള്ള 67 പൊതുടാപ്പുകളിൽ പലതും പ്രവർത്തനക്ഷമമല്ലായെന്നും സംയുക്ത പരിശോധനയ്ക്കായി 05.11.2018 തീയതി കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് നടത്തിയിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കായി കരമടക്കുന്നത് അംഗീകരിക്കാവുന്നതല്ല. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിൽ നിലവിലുള്ള ടാപ്പുകളിലെ ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/13-02-19) ലഭ്യമാക്കിയ മറുപടിയിൽ സംയിക്ത പരിശോധന നടത്തുന്നതിന് KWA യ്ക്ക് 05/11/18 ന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | അംഗൻവാടി പോഷകാഹാരം പ്രോജക്ട് നമ്പർ 71/18 | 188053 | ബാക്കി തിരിച്ചടവാക്കി |
| ,, | ,, | 750000 | മുച്ചക്ര വാഹനം പ്രോജക്ട് നമ്പർ 193/18 | 375000 | ബാക്കി തിരിച്ചടവാക്കി |
| ,, | ,, | 200000 | സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 105/18 | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | ,, | 157000 | ശാരീരിക മാനസിക | 157000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. പ്രോജക്ട് നമ്പർ 105/18 | | |
| ,, | ,, | 75000 | പച്ചക്കൃഷി വികസനം പ്രോജക്ട് നമ്പർ 146/18 | 75000 | 0 |
| | | 49000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പ്രോജക്ട് നമ്പർ 109/18 | 0 | തിരിച്ചടവാക്കി |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി. ലൈൻ മാറ്റി സ്ഥാപിക്കൽ | -- | 13668 | 13668 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | - | 605191 | 605191 | 0 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51096699 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49523899 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2144745 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3-1 | - | 25000 | ഒ.എം.ഫ്രാൻസിസ്, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 210000 | ശ്രീ.ഒ.എം.ഫ്രാൻസീസ്, അസി.സെക്രട്ടറി |
| 3-4 | 399801 | ശ്രീമതി.സുചിത്രാദേവി.എം., സെക്രട്ടറി |
| 3-5 | 90795 | ശ്രീ.രവികുമാർ.എൻ, സെക്രട്ടറി |
| | 99975 | ശ്രീമതി.സുചിത്രാദേവി.എം., സെക്രട്ടറി |
| 3-8 | 277863 | ശ്രീ.രവികുമാർ.എൻ, സെക്രട്ടറി |
| | 668859 | ശ്രീമതി.സുചിത്രാദേവി.എം., സെക്രട്ടറി |
| 3-9 | 12972 | ശ്രീമതി. സുനിത.കെ., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-11 | 384480 | ശ്രീ.രവികുമാർ.എൻ, സെക്രട്ടറി |
| 3-14 | 1125000 | ഡോ. ദീപ സാമുവൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ആകെ | 2144745 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും, |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉദ്യോഗപ്പേരും |
| 3-3-1 | - | 25000 | ഒ.എം.ഫ്രാൻസിസ്, അസി.സെക്രട്ടറി, ഒലാക്കേങ്കിൽ (H) , വരടിയം, അവണൂർ പി.ഒ, 680541 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894/ 27.7.11/01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/96/07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/20.03.96 |
| 90-91 | എൽ എഫ് ടി10-1658/94/05.06.94 |
| 91-92 | എൽ എഫ് ടി10-963/93/06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/11.12.95 |
| 94-95,95-96 | എൽ എഫ് ടി10-245/2000/ 05.08 2000 |
| 96-97 (ചെലവ്) | എൽ എഫ് ടി5-5/98/02.01.99 |
| 97-98 (ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99 (ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00 (ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97 (ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98 (ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10-173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10-174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10- 1373/11.08.10 |

| | |
|---|---|
| | /13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ.എഫ്.ടി.(പി.2) 165/12/ 05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/ 05.06.12/05.07.12 |
| 2010-11 | എൽ എഫ് ടി (പി.2) 2237/12/ 14.2.13/09.05.13 |
| 2011-12 | എൽ എഫ് ടി(പി.6) 1975/13/ 17.08.14/09.07.14 |
| 2012-13 | എൽ എഫ് ടി (പി.9)1450/14/ 12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി5- 995/2016 തീ.27.06.2016/28.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി5- 1935/2016 തീ.8.11.2016/26.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി5- 1389/2017 തീ.4.10.2017/22.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ടി.എസ്.ആർ.(പി5)/356/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in
തീയതി: 13.306.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P5)356/19

Kerala State Audit Department.

District Audit Office,

Thrissur – 680020
Ph: 0487 2331249
email: dotsr.ksad@keralagov.in

Dated: 13.06.2019

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pavaratty Grama Panchayat in Thrissur District for the year ended on 31.3.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Pavaratty Grama Panchayat for the year 2017-18, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office
Thrissur

## അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് |

| | |
|---|---|
| | സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ